# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1466 — 22/03/2013 - ലെ മറുപടിയ്ക്ക്

## കിസാൻ കാർഡ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കോടിയേരി ബാലകൃഷ്ണൻ | | ശ്രീ.കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഇതിനകം എത്ര കിസാൻ കാർഡുകൾ വിതരണം ചെയ്തിട്ടുണ്ടെന്ന് വിശദമാക്കുമോ; | (എ) | കിസാൻ കാർഡുകൾ കൃഷി വകുപ്പു മുഖേന നടപ്പാക്കുന്നില്ല. എന്നാൽ കിസാൻ ക്രെഡിറ്റ് കാർഡുകൾ എന്ന പദ്ധതി ബാങ്ക് മുഖേന 1998 മുതൽ നടപ്പിലാക്കി വരുന്നുണ്ട്. ലഭ്യമായ വിവരങ്ങൾ പ്രകാരം ഏകദേശം 32.45 ലക്ഷം കർഷകർ ഈ പദ്ധതിയിൽ ചേർന്നിട്ടുണ്ട്. |
| (ബി) | എന്തെല്ലാം പ്രയോജനങ്ങളാണ് ഈ കാർഡു വഴി കർഷകർക്ക് ലഭ്യമാവുക; | (ബി) | കിസാൻ ക്രെഡിറ്റ് കാർഡ് എന്ന ഏകജാലക സംവിധാനത്തിലൂടെ കർഷകർക്ക് കൃഷിക്ക് ആവശ്യമുള്ള വായ്പകൾ ലളിതവും സമയോചിതവും ആയി ബാങ്കുകൾ വഴി നൽകുന്നതിന് സൗകര്യമുണ്ടായിരിക്കും. കൃഷി ചെയ്യുന്ന സ്ഥലവിസ്തൃതിയും വിളകളുമനുസരിച്ചാണ് വായ്പ ലഭ്യമാക്കുന്നത്. പരമാവധി തുക നിശ്ചയിച്ചിട്ടില്ല. കിസാൻ ക്രെഡിറ്റ് കാർഡ് പദ്ധതി പ്രകാരം കർഷകർക്ക് കൃഷി ചെയ്യുന്ന വിള, കൃഷി സ്ഥലത്തിന്റെ വിസ്തൃതി, അനുബന്ധ പ്രവർത്തനങ്ങൾ, കാർഷിക യന്ത്രങ്ങളുടെ പരിപാലനത്തിന് വേണ്ട പ്രവർത്തന മൂലധനം എന്നിവയ്ക്ക് വായ്പ ലഭ്യമാക്കുന്നു. |
| (സി) | കിസാൻ കാർഡിന് അർഹരായ എത്ര കർഷകർ കേരളത്തിലുണ്ടാവുമെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (സി) | ഇതു സംബന്ധിച്ചുള്ള വ്യക്തമായ കണക്കുകൾ പരിശോധിച്ചിട്ടില്ല. എന്നാൽ കൃഷിഭൂമിയുള്ള ഏതൊരു കർഷകനും ഈ പദ്ധതി പ്രകാരം അപേക്ഷ നൽകാവുന്നതാണ്. |
| (ഡി) | ഇത് ലഭ്യമാകുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദീകരിക്കാമോ? | (ഡി) | കിസാൻ ക്രെഡിറ്റ് കാർഡ് ലഭ്യമാകുന്നതിനുള്ള മാനദണ്ഡങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

1. ഇതൊരു ബാങ്ക് വായ്പയാണ്. കൃഷിഭൂമിയുള്ള ഏതൊരു കർഷകനും കിസാൻ ക്രെഡിറ്റ് കാർഡിന് അപേക്ഷിക്കാം.

2. ഓരോ വിളയ്ക്കും നിജപ്പെടുത്തിയിട്ടുള്ള ഉൽപാദന വായ്പാതോത് അടിസ്ഥാനപ്പെടുത്തിയാണ് വായ്പ ലഭ്യമാവുക.

3. കൃഷി സ്ഥലത്തിന്റെ വസ്തൃതി, കൃഷി ചെയ്യുന്ന വിള, അനുബന്ധ പ്രവർത്തനങ്ങൾ, കാർഷിക യന്ത്രങ്ങളുടെ പരിപാലനം, ഉപഭോഗ ആവശ്യങ്ങൾ, കാർഷികേതരമേഖലാ പ്രവർത്തനങ്ങൾക്കുള്ള പ്രവർത്തന മൂലധനം തുടങ്ങിയ ആവശ്യങ്ങൾ പരിഗണിച്ചാണ് വായ്പാ തുക നിശ്ചയിക്കുന്നത്.

4. ഒരു ലക്ഷം രൂപ വരെയുള്ള കൃഷി വായപകൾക്ക് പ്രത്യേകിച്ച് ഈട് നൽകേണ്ടതില്ല. ഇതിന് കൃഷി സ്ഥലത്തുള്ള വിള മാത്രം ഈടായി നൽകിയാൽ മതിയാകും.

5. ഒരു ലക്ഷം രൂപയ്ക്ക് മേലുള്ള വായ്പകൾക്ക് മതിയായ വിലയ്ക്കുള്ള വസ്തു ഈടായി നൽകേണ്ടതാണ്.

6. മൂന്നു ലക്ഷം രൂപ വരെ പരമാവധി കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭിക്കും. വായ്പ സമയപരിധിയ്ക്കുള്ളിൽ കൃത്യമായി തിരിച്ചടച്ചാൽ നിബന്ധനകൾക്ക് വിധേയമായി കൂടുതൽ പലിശ ഇളവുകൾ ലഭ്യമാണ്.

7. തന്നാണ്ടിൽ എടുത്തിട്ടുള്ള തുക പലിശ സഹിതം ഒരു വർഷത്തിനുള്ളിൽ ഒന്നായോ ഗഡുക്കളായോ അടച്ചിരിക്കണം. ഹ്രസ്വകാല വിളകൾക്ക് 12 മാസത്തിനുള്ളിലും ദീർഘകാല വിളകൾക്ക് 18 മാസത്തിനുള്ളിലും പണം തിരിച്ചടയ്ക്കേണ്ടതാണ്.

8. പരിധി / ഉപപരിധിയുടെ ഉള്ളിൽ എത്ര പ്രാവശ്യം വേണമെങ്കിലും പണമെടുക്കുവാനും തിരിച്ചടയ്ക്കുവാനും സാധിക്കും.

9. ആവശ്യമുള്ളപ്പോൾ മാത്രം പണം എടുക്കുന്നതു മുഖേന പലിശ ലാഭിക്കാം.

10. വാർഷിക അവലോകനത്തിനു വിധേയമായി കാർഡിന്റെ കാലാവധി 3 വർഷം ആയിരിക്കും.

11. വർഷത്തിലൊരിക്കൽ വായ്പാ ഇടപാടുകളെ അവലോകനം ചെയ്ത് വായ്പാ വിനിയോഗത്തിന്റെയും വരവുചെലവിന്റെയും അടിസ്ഥാനത്തിൽ വായ്പാ തോത് ക്രമീകരിക്കുന്നതിനുള്ള അധികാരം ബാങ്കിൽ നിക്ഷിപ്തമാണ്.

12. പലിശ നിരക്ക് ബാങ്കിന്റെ നിർദ്ദേശങ്ങൾ അനുസരിച്ച് കാലാകാലങ്ങളിൽ മാറ്റങ്ങൾക്ക് വിധേയമാണ്.

13. വിജ്ഞാപിത പ്രദേശങ്ങളിലുള്ള വിജ്ഞാപിത വിളകൾക്ക് വിള ഇൻഷ്വറൻസ് പദ്ധതിയും ലഭ്യമാണ്.

14. കാർഡിനായുള്ള ഏകീകൃത അപേക്ഷാ ഫോമുകൾ അപേക്ഷകന്റെ സേവനമേഖലാ ബാങ്കിൽ നിന്നോ കൃഷി ഭവനിൽ നിന്നോ ലഭ്യമാണ്.

സെക്ഷൻ ഓഫീസർ